AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 214/2018 08.10.2018

## കാർഷിക വായ്പയും പലിശസബ്സിഡിയും യഥാർത്ഥ കർഷകർക്ക് ഉറപ്പുവരുത്തണം: കൃഷിമന്ത്രി

ബാങ്കിംഗ് സ്ഥാപനങ്ങൾ നൽകുന്ന കാർഷിക വായ്പയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന പലിശസബ്സിഡിയും യഥാർത്ഥ കർഷകർക്ക് മാത്രം ലഭിക്കുന്നുവെന്ന് ഉറപ്പാക്കണമെന്ന് കൃഷിമന്ത്രി അഡ്വ.വി.എസ്. സുനിൽകുമാർ ആവശ്യപ്പെട്ടു. പ്രളയബാധിത മേഖലയിലെ കർഷകരുടെ പ്രയാസങ്ങൾ ഒഴിവാക്കുന്നതിനും കൂടുതൽ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ, മെമ്പർമാർ, പ്ലാനിംഗ് ബോർഡ്, സഹകരണമേഖല പ്രതിനിധികൾ, നബാർഡ് പ്രതിനിധികൾ എന്നിവരുമായി ചേർന്ന ആലോചനായോഗത്തിലാണ് മന്ത്രി ഈ ആവശ്യകത ഉന്നയിച്ചത്. യോഗത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആശ്വാസം നൽകുന്ന പലതരത്തിലുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കണമെന്ന് ബാങ്ക് പ്രതിനിധികൾ ഉറപ്പുനൽകിയിട്ടുണ്ട്.

പ്രളയം ബാധിച്ച ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുന:ക്രമീകരിക്കുമെന്ന് കഴിഞ്ഞ തവണ നടന്ന സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി തീരുമാനിച്ചിരുന്നെങ്കിലും കർഷകർക്ക് അപേക്ഷ നൽകുന്നതിനോ ബാങ്കുമായി ബന്ധപ്പെടുന്നതിനോ സമയം ലഭിച്ചിരുന്നില്ല. എന്നാൽ ഇന്ന് നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പകൾ പുന:ക്രമീകരിക്കുന്നതിനുള്ള അപേക്ഷകൾ നവംബർ 15-നകം അതാതു ബാങ്കുകളിൽ നൽകിയാൽ മതിയെന്ന് തീരുമാനം ഉണ്ടായി. ഇതിനായി കർഷകർ ബാങ്കുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 5 വർഷം വരെയാണ് നിലവിലെ കാർഷിക വായ്പകൾക്ക് പുന:ക്രമീകരണം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പുന:ക്രമീകരിച്ച വായ്പകൾക്ക് സാധാരണ പലിശനിരക്കായിരിക്കും ഏർപ്പെടുത്തുകയെന്നും അധികൃതർ അറിയിച്ചു.

കഴിഞ്ഞ വർഷം വിവിധ ബാങ്കുകൾ നൽകിയ ഹ്രസ്വകാല കാർഷിക വായ്പ 40409 കോടി രൂപയാണ്. എന്നാൽ 6641 കോടി രൂപ മാത്രമാണ് കിസ്സാൻ ക്രെഡിറ്റ് കാർഡ് എന്ന 5 വർഷ പരിധിയുള്ള കാർഷിക വായ്പാ ഇനത്തിൽ ബാങ്കുകൾ നൽകിയിട്ടുള്ളത്. ശേഷിക്കുന്ന 33768 കോടി രൂപ സ്വർണ്ണപണയത്തിന്റെ അടിസ്ഥാനത്തിൽ നൽകി കാർഷിക വായ്പയാക്കി മാറ്റുകയായിരുന്നു. കാർഷിക വായ്പയ്ക്ക് നിലവിൽ കേന്ദ്രസർക്കാരിന്റെ പലിശസബ്സിഡി യഥാസമയം തിരിച്ചടക്കുന്നവർക്ക് ലഭിക്കുന്നുണ്ട്. എന്നാൽ കർഷകർക്ക് ലഭിക്കേണ്ട പലിശ സബ്സിഡി സ്വർണ്ണപണയവായ്പയുടെ പേരിൽ അനർഹർ കൈപ്പറ്റുന്നതിനായി ആക്ഷേപമുണ്ടെന്ന് മന്ത്രി യോഗത്തിൽ ധരിപ്പിച്ചു. സ്വർണ്ണ പണയവായ്പ 4 ശതമാനം പലിശയ്ക്കെടുത്ത് അതേ തുക 8 ശതമാനം നിരക്കിൽ ദീർഘകാല നിക്ഷേപങ്ങളാക്കി ബാങ്കിനെയും സർക്കാരിനെയും കബളിപ്പിക്കുന്നവരുടെ എണ്ണവും വിരളമല്ല. ഈ സാഹചര്യം മുൻനിർത്തിക്കൊണ്ട് കർഷകർക്കുള്ള എല്ലാ വായ്പകളും കിസ്സാൻ ക്രെഡിറ്റ് കാർഡ് വായ്പകളാക്കി മാറ്റണമെന്ന മന്ത്രിയുടെ ആവശ്യം യോഗം അംഗീകരിച്ചിട്ടുണ്ട്. അതേ സമയം കാർഷിക ആവശ്യത്തിനുള്ള സ്വർണ്ണപണയ വായ്പകൾക്ക് ഇനി മുതൽ കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പലിശ ഇളവ് നൽകുകയുള്ളുവെന്നും ബാങ്ക് അധികൃതർ ഉറപ്പു നൽകിയിട്ടുണ്ട്. അർഹത ഇല്ലാത്ത കർഷകർക്ക് സ്വർ പണയത്തിന്റെ പേരിൽ കാർഷിക വയ്പ നൽകി ബാങ്കുകൾ ടാർജറ്റ് തികയ്ക്കുന്ന സംവിധാനം റിസർവ്വ് ബാങ്കിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമെന്നും യോഗത്തിൽ ഉന്നയിച്ചു. സഹകരണ മേഖലയിൽ നിലവിൽ പലിശരഹിത വായ്പ വട്ടവട-കാന്തല്ലൂർ മേഖലയിലെ ശീതകാല പച്ചക്കറികൃഷിയിലേയ്ക്ക് വേണ്ടി മാത്രമാണ് നൽകിവരുന്നത്. ഇത്തരം പലിശരഹിത വായ്പ ഇടുക്കി, വയനാട് ജില്ലകളിലെ മുഴുവൻ കർഷകർക്കും മറ്റു കാർഷിക വിളകൾക്കുകൂടി നൽകുന്നതിനുള്ള ആലോചന നടന്നു വരുന്നതായി കൃഷിമന്ത്രി യോഗത്തിനു ശേഷമുള്ള വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പ്രളയത്തിനുശേഷം സംസ്ഥാനത്തെ വിവിധ ബാങ്കുകൾ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ കർഷകരെ അറിയിക്കുന്നതിനും കർഷകരുടെ ആവശ്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി കർഷകർ, കൃഷി ഉദ്യോഗസ്ഥർ, ബാങ്ക് പ്രതിനിധികൾ എന്നിവരുടെ ഒരു യോഗം പഞ്ചായത്ത് തലത്തിൽ ഒക്ടോബർ 31-നകം ചേരുമെന്നും മന്ത്രി വ്യക്തമാക്കി. ബ്ലോക്ക് തലത്തിലുള്ള ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗ് ഉടൻ തന്നെ കൂടണമെന്നും മന്ത്രി യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ബാങ്ക് പ്രതിനിധികളുമായി നടന്ന യോഗത്തിൽ കാർഷികോത്പാദന കമ്മീഷണർ ദേവേന്ദ്രകുമാർ സിൻഹ ഐ.എ.എസ്, എസ്.എൽ.ബി.സി കൺവീനർ മായ, സംസ്ഥാന വില നിർണ്ണയ ബോർഡ് ചെയർമാൻ ഡോ. രാജശേഖരൻ, പ്ലാനിംഗ് ബോർഡ് അഗ്രിചീഫ് നാഗേഷ്, സഹകരണ മേഖല അഡീഷണൽ രജിസ്ട്രാർ, നബാർഡ് അഗ്രിചീഫ് ജനറൽ മാനേജർ പി.ടി. ഉഷ, മറ്റു ബാങ്കു പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email**:fibtvm@gmail.com
**Telephone:** 0471 2317314